"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ്-ജീവനക്കാര്യം -സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് 27.06.2021 ൽ ആലത്തൂർ റേഞ്ചിൽ ക്രൈം നമ്പർ 93/21 ആയി രജിസ്റ്റർ ചെയ്ത അബ്കാരി കേസ് - ബന്ധപ്പെട്ട എക്സൈസ് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.310/2024/TAXES തീയതി,തിരുവനന്തപുരം, 29-03-2024

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 16.07.2022 തീയതിയിലെ സി.എ/ഇ.സി-269/2021 നമ്പർ കത്ത്.
2. സ.ഉ(സാധാ)നം.473/2021/നി.വ തീയതി 16.07.2021
3. കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് 11.01.2022, 12.01.2022, 15.01.2022 എന്നീ തീയതികളിൽ നൽകിയ നികുതി-എഫ്2/90/2021/നി.വ നമ്പർ കുറ്റാരോപണ മെമ്മോ
4. സ.ഉ(സാധാ)നം.299/2022/നി.വ തീയതി 16.04.2022
5. കുറ്റാരോപിതരായ ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രിക
6. എക്സൈസ് കമ്മീഷണറുടെ 27.05.2022, 09.06.2022,10/08/2023 എന്നീ തീയതികളിലെ ഇ.എക്സ്.സി/2538/2021-എക്സ്.ഇ4 നമ്പർ കത്തുകൾ.
7. സ.ഉ(സാധാ)നം.521/2022/നി.വ തീയതി 01/07/2022
8. അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ന്റെ 11/01/2023 തീയതിയിലെ സിഎ/എഡിഇസി-41/2022 നമ്പർ അന്വേഷണ റിപ്പോർട്ട്.
9. കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് 06/06/2023,07/06/2023 എന്നീ തീയതികളിൽ നൽകിയ എഫ്2/90/2021/നി.വ നമ്പർ കാരണം കാണിക്കൽ നോട്ടീസുകൾ.
10. ശ്രീ.ഷാജി.എസ്.രാജൻ മുതൽ പേർ ഫയൽ ചെയ്ത OA794/2023 നമ്പർ കേസിലെ ബഹു KAT-ന്റെ 05/07/2023 -ലെ ഉത്തരവ്
11. കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതരായ ഉദ്യോഗസ്ഥർ സമർപ്പിച്ച മറുപടികൾ

12. വിജിലൻസ് (എ) വകുപ്പിന്റെ 07/09/2023-ലെ വിജി-എ2/372/2022-വിജി നമ്പർ കത്ത്

**ഉത്തരവ്**

സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് 27.06.2021- ൽ പാലക്കാട് ഡിവിഷനിലെ ആലത്തൂർ റേഞ്ച് പരിധിയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ 6/385 നമ്പർ വീടിന്റെ മുൻവശത്തു നിന്നും 1312 ലിറ്റർ സ്പിരിറ്റും 2220 ലിറ്റർ വ്യാജകള്ളും മറ്റ് സാധന സാമഗ്രികളും 11 ലക്ഷം രൂപയും കണ്ടുപിടിച്ച് ആലത്തൂർ റേഞ്ചിൽ ക്രൈം നമ്പർ 93/21 ആയി ഒരു അബ്കാരി കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായെന്നും രഹസ്യ വിവരശേഖരണത്തിന്റെയും ദീർഘകാല നിരീക്ഷണത്തിന്റെയും ഫലമായിട്ടാണ് ടി കേസ് സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് കണ്ടുപിടിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ടി കേസ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയ വേളയിൽ നീല പുറംചട്ടയുള്ള ഒരു ഡയറി, കണക്കുകൾ എഴുതി സൂക്ഷിക്കുന്ന മൂന്ന് ക്യാഷ് ബുക്കുകൾ, ചെലവുകൾ എഴുതി സൂക്ഷിക്കുന്ന വൗച്ചറുകൾ എന്നിവ ലഭിച്ചിട്ടുള്ളതാണെന്നും നീല പുറംചട്ടയുള്ള ഡയറിയിൽ 2015-16 വർഷം മുതൽ 2021 ജൂൺ മാസം വരെ വിവിധ ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥർക്ക് നൽകിയ തുകയുടെ കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടുണ്ടെന്നും 26.03.2018 മുതൽ 29.01.2019 വരെയും, 31.01.2019 മുതൽ 13.06.2019 വരെയും, 08.10.2020 മുതൽ 11.02.2021 വരെയുമുള്ള വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള ക്യാഷ് ബുക്കുകൾ, ഗോഡൗണിലെ കമ്പ്യൂട്ടർ എന്നിവ പരിശോധിച്ചപ്പോൾ എക്സൈസ് ഓഫീസുകൾക്കും, സാമ്പിൾ എടുക്കുവാൻ വരുന്ന ഉദ്യോഗസ്ഥർക്കും ഡൊണേഷൻ എന്ന പേരിലും, റെയ്ഡ് ഫീ, സാമ്പിൾ ഫീ എന്നീ പേരുകളിലും പണം നൽകിയതായി രേഖപ്പെടുത്തി കാണുന്നുവെന്നും ആലത്തൂർ സർക്കിൾ, ആലത്തൂർ, കുഴൽമന്ദം, ചിറ്റൂർ റേഞ്ചുകൾ, പാലക്കാട് സ്പെഷ്യൽ സ്ക്വാഡ്, പാലക്കാട് ഇ.ഐ&ഐ.ബി എന്നിവിടങ്ങളിലെ എക്സൈസ് ഉദ്യോഗസ്ഥർക്ക് ടി കേസിലെ പ്രതികളുമായി അവിശുദ്ധ ബന്ധം നിലവിലുണ്ടായിരുന്നതും, അവരിൽ നിന്നും മാസപ്പടി, ലേലസമയത്ത് പ്രത്യേക തുക, റെയ്ഡ് ഫീ, സാമ്പിൾ ഫീ എന്നിവ വിലപേശി വാങ്ങിയിരുന്നതായും വെളിവായിട്ടുണ്ടെന്നും . ഈ ദുഷ്പ്രവണതയുടെ അനന്തരഫലമാണ് കള്ളിൽ സ്പിരിറ്റും, പഞ്ചസാരയും ചേർത്ത് വിൽപ്പന നടത്തുന്നതിന് ഇടയായിട്ടുള്ളതെന്ന് വെളിവായിട്ടുണ്ടെന്നും ഇത്തരത്തിൽ വ്യാജക്കള്ള് കച്ചവടക്കാരിൽ നിന്നും മാസപ്പടിയും മറ്റ് സാമ്പത്തിക സഹായവും സ്വീകരിക്കുന്നത് വകുപ്പിനേയും സർക്കാരിനേയും മൊത്തത്തിൽ അവമതിപ്പ് ഉളവാക്കുന്നതിന് ഇടയാക്കിയിട്ടുണ്ടെന്നും ആയതിനാൽ ടി വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന എക്സൈസ് കമ്മീഷണറുടെ പരാമർശം (1) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.ഷാജി.എസ്.രാജൻ (ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ), സ/ശ്രീ.കെ.എസ്.പ്രശോഭ്, ജി.സന്തോഷ് കുമാർ, അനൂപ്.വി, കൃഷ്ണൻ നായർ, ഷൗക്കത്തലി.എ, മധു (എക്സൈസ് ഇൻസ്പെക്ടർ), സുജീബ് റോയ്.എം.ആർ, രാജ് കുമാർ, ജയകുമാർ.റ്റി. ജി, വിനോദ് കുമാർ (പ്രിവന്റീവ് ഓഫീസർ), ശ്രീ.രതീഷ്.പി.ബി (സിവിൽ എക്സൈസ് ഓഫീസർ) എന്നിവരെ പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടികൾ

സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാൻമാർക്ക് പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു. തുടർന്ന് സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്യപ്പെട്ട ടി ഉദ്യോഗസ്ഥരെ പരാമർശം (4) പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിച്ചിട്ടുള്ളതാണ്. മേൽ കുറ്റാരോപണ മെമ്മോയ്ക്ക് ടി ഉദ്യോഗസ്ഥർ പരാമർശം (5) പ്രകാരം സമർപ്പിച്ചിരിക്കുന്ന എതിർവാദ പത്രികയിന്മേൽ പരാമർശം (6) പ്രകാരം എക്സൈസ് കമ്മീഷണർ അഭിപ്രായം രേഖപ്പെടുത്തി സമർപ്പിച്ചിരുന്നു.

2) കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ 1960- ലെ KCS (CC&A) റൂളിലെ റൂൾ 15 പ്രകാരം അച്ചടക്ക നടപടികൾ ആരംഭിച്ചിരിക്കുന്നതിനാൽ ടി റൂൾ പ്രകാരമുള്ള ശിക്ഷാ നടപടികൾ തുടരുന്നതിന്റെ ഭാഗമായി പരാമർശം (7) പ്രകാരം അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-നെ വാച്യാന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുകയും അതിൻപ്രകാരം അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) പരാമർശം (8) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കുറ്റോരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിച്ചിട്ടുള്ള കുറ്റങ്ങൾ തെളിയുന്നതായി റിപ്പോർട്ട് ചെയ്തിരിന്നു.

3) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)-ന്റെ മേൽ വാച്യാന്വേഷണ റിപ്പോർട്ടിൽ കുറ്റോരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിച്ചിട്ടുള്ള കുറ്റങ്ങൾ തെളിയുന്നതായി റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി 12 ഉദ്യോഗസ്ഥർക്കതിരെ 1960- ലെ KCS (CC&A) റൂളിലെ റൂൾ 15 പ്രകാരം അച്ചടക്ക നടപടികൾ തുടരുന്നതിന്റെ ഭാഗമായി 1960- ലെ KCS(CC&A) റൂളുകളിലെ റൂൾ 11(1) (vA) പ്രകാരം ടിയാന്മാരുടെ രണ്ട് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ട് ടിയാളുകൾക്ക് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാൻമാർ പരാമർശം (11 ) പ്രകാരം സമർപ്പിച്ച മറുപടിയിൻമേൽ എക്സൈസ് കമ്മീഷണർ പരാമർശം (7) -ലെ 10/08/2023-ലെ കത്ത് പ്രകാരം അഭിപ്രായം രേഖപ്പെടുത്തി സമർപ്പിച്ചിരിക്കുന്നു. ടി നടപടികൾ തുടർന്നവരവെ ടി അച്ചടക്കനടപടി സമയബന്ധിതമായി തീർപ്പാക്കണമെന്ന ആവശ്യം ഉന്നയിച്ച് ശ്രീ.ഷാജി.എസ്.രാജൻ മുതൽ പേർ ഫയൽ ചെയ്ത OA794/2023 നമ്പർ കേസിലെ ബഹു ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (10) പ്രകാരമുള്ള ഉത്തരവിൽ അച്ചടക്ക നടപടി 6 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് ഉത്തരവാകുകയുണ്ടായി.

4) എന്നാൽ ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് വകുപ്പിനോട് ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തി വിജിലൻസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൻമേൽ വിജിലൻസ് വകുപ്പ് പരിശോധിച്ച് ടി വകുപ്പിന്റെ ശുപാർശ പരാമർശം (12) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു. വിജിലൻസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ വിജിലൻസ് അന്വേഷണത്തിന് ആധാരമായ ആരോപണ വിഷയം കൂടാതെ, അന്വേഷണ വേളയിൽ അധികമായി കണ്ടെത്തിയ ആരോപണ വിഷയങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

i).കള്ള് പെർമിറ്റ്, കള്ളുഷാപ്പ് ലൈസൻസ് എന്നിവ പുതുക്കുന്ന സമയത്ത് അബ്കാരി കോൺട്രാക്ടർമാരിൽ നിന്നും, കള്ളുഷാപ്പ് ലൈസൻസികളിൽ നിന്നും അതാത് എക്സൈസ് റേഞ്ച്, എക്സൈസ് സർക്കിൾ ഓഫീസുകളിലെ എക്സൈസ് ഉദ്യോഗസ്ഥർമാരും, ജില്ലാ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിലെ എക്സൈസ് ഉദ്യോഗസ്ഥന്മാരും, ജില്ലാ എക്സൈസ് സ്ക്വാഡുകളിലെ എക്സൈസ് ഉദ്യോഗസ്ഥർമാരും നിർബന്ധപൂർവ്വം കൈക്കൂലി വാങ്ങുന്നു.

ii). കള്ളുഷാപ്പുകളിൽ നിന്ന് കള്ള് സാമ്പിൾ എടുക്കുന്നതിനായി വരുന്ന എക്സൈസ് ഉദ്യോഗസ്ഥർ ഒരു സാമ്പിളിന് 500/- രൂപ നിരക്കിൽ കള്ളുഷാപ്പുകളിൽ നിന്ന് നിർബന്ധിച്ച് കൈക്കൂലി വാങ്ങുന്നു.

iii). കള്ളുഷാപ്പ് പരിധികളിൽ വ്യാജമദ്യം കണ്ടെത്തുന്നതിനുള്ള റെയ്ഡ് നടത്തുന്ന സമയത്ത് റെയ്ഡ് നടത്തുന്ന ഉദ്യോഗസ്ഥർ റെയ്ഡ് ഫീസ് എന്നയിനത്തിൽ കള്ളുഷാപ്പുകളിൽ നിന്നും അനധികൃതമായി 1000/- രൂപ കൈക്കൂലി വാങ്ങിച്ചുവരുന്നു.

iv). ചിറ്റൂർ എക്സൈസ് സർക്കിൾ പരിധിയിൽ കള്ള് ചെത്തുന്ന തോപ്പുകളുടെ വെരിഫിക്കേഷൻ നടത്തുന്ന സമയത്ത് ഒരു തോപ്പിന് വെരിഫിക്കേഷൻ ഫീസ് എന്നയിനത്തിൽ 1000/- രൂപ വീതം അബ്കാരികളിൽ നിന്ന് എക്സൈസ് ഉദ്യോഗസ്ഥർ കൈക്കൂലി പണം കൈപ്പറ്റുന്നു.

v). പാലക്കാട് ജില്ലയിലെ എല്ലാ എക്സൈസ് ഓഫീസുകളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കും, വാഹനങ്ങളുടെ റിപ്പയർ വർക്കുകൾ നടത്തുന്നതിനും, ടി ഓഫീസുകളുമായി ബന്ധപ്പെട്ട് നടക്കുന്ന ട്രാൻസ്ഫർ, റിട്ടയർമെന്റ് പരിപാടികൾക്കും മറ്റുമായി അബ്കാരികളിൽ നിന്ന് കൈക്കൂലിയായി പണം വാങ്ങിച്ചുവരുന്നു.

5) പ്രസ്തുത വിജിലൻസ് റിപ്പോർട്ടിൽ മേൽ പറഞ്ഞ ക്രമക്കേടുകൾക്ക് ചുവടെ പറയുന്ന ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്ന് അറിയിച്ചിരുന്നു.

1.ശ്രീ. ഷാജി. എസ്. രാജൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, പാലക്കാട് (പെൻ - 231309, വിരമിക്കൽ തീയതി - 28.02.2027).

2.ശ്രീ. രാജേഷ് ജോൺ, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഓഫീസ്, പാലാ, കോട്ടയം (പെൻ - 424570, വിരമിക്കൽ തീയതി - 30.11.2029).

3. ശ്രീ. എം.ആർ. മനോജ്, എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് റെയ്ഞ്ച് ഓഫീസ്, വടക്കാഞ്ചേരി, തൃശ്ശൂർ (പെൻ - 184209, വിരമിക്കൽ തീയതി 31.05.2028).

4. ശ്രീ. സി.പി. മധു, എക്സൈസ് ഇൻസ്പെക്ടർ, ചിറ്റൂർ എക്സൈസ് റേഞ്ച് ഓഫീസ്, പാലക്കാട് (പെൻ - 206380, വിരമിക്കൽ തീയതി - 31.05.2028).

5. ശ്രീ. കെ. എസ്. പ്രശോഭ്, എക്സൈസ് ഇൻസ്പെക്ടർ, ആലത്തൂർ എക്സൈസ് റെയ്ഞ്ച് ഓഫീസ്, പാലക്കാട് (പെൻ 645739, വിരമിക്കൽ തീയതി - 30.04.2040).

6. ശ്രീ. ഉദയകുമാർ. ജി, എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഡിവിഷണൽ ഓഫീസ്, കൊല്ലം (പെൻ - 645748, വിരമിക്കൽ തീയതി - 28.02.2036).

7. ശ്രീ. സന്തോഷ് കുമാർ. ജി, എക്സൈസ് ഇൻസ്പെക്ടർ, കുഴൽമന്ദം റെയ്ഞ്ച് ഓഫീസ്, പാലക്കാട് (പെൻ - 206299, വിരമിക്കൽ തീയതി - 30.11.2032).

8. ശ്രീ. എം. രാകേഷ്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് സ്പെഷ്യൽസ്ക്വാഡ്, പാലക്കാട് (പെൻ - 206747, വിരമിക്കൽ തീയതി - 31.05.2030).

9. ശ്രീ. എം. സുരേഷ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഓഫീസ്, തൃശ്ശൂർ (പെൻ - 207147, വിരമിക്കൽ തീയതി -31.05.2033).

10. ശ്രീ. ടി. രാജീവ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, ഡിവിഷൻ ഓഫീസ്, കോഴിക്കോട്, പെൻ - 527776, വിരമിക്കൽ തീയതി - 31.03.2038).

11. ശ്രീ. ഷൗക്കത്തലി. എ, എക്സൈസ് ഇൻസ്പെക്ടർ, EE & ANSS സ്ക്വാഡ്, പാലക്കാട് (പെൻ - 206349, വിരമിക്കൽ തീയതി - 30.04.2030).

12. ശ്രീ. വി. രജനീഷ്, എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് റെയ്ഞ്ച് ഓഫീസ്, അഗളി, പാലക്കാട്, (പെൻ - 645763, വിരമിക്കൽ തീയതി - 31.05.2036).

13. ശ്രീ. എം. റിയാസ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് സർക്കിൾ ഓഫീസ്, ഇരിങ്ങാലക്കുട, തൃശ്ശൂർ (പെൻ 518811, വിരമിക്കൽ തീയതി 30.04.2034).

14. ശ്രീ. അനൂപ്. വി, എക്സൈസ് ഇൻസ്പെക്ടർ, തൃപ്പൂണിത്തുറ എക്സൈസ് റെയ്ഞ്ച് ഓഫീസ്, എറണാകുളം (പെൻ - 382226, വിരമിക്കൽ തീയതി - 29.02.2038).

15. ശ്രീ. ടി.കെ. ശിവാനന്ദൻ, സർക്കിൾ ഇൻസ്പെക്ടർ (റിട്ട.) (പെൻ 206237, വിരമിച്ച തീയതി - 31.05.2020).

16. ശ്രീ. എൻ. രാജശേഖരൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (റിട്ടയേർഡ്) (പെൻ - 184930, വിരമിച്ച തീയതി - 31.05.2021).

17. ശ്രീ. ക്ലമന്റ്. പി. എസ്, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.) (പെൻ - 206302, വിരമിച്ച തീയതി- 30.06.2019).

18. ശ്രീ. കെ. പി. രാമചന്ദ്രൻ, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.) (പെൻ - 206462, വിരമിച്ച തീയതി-31.05.2021).

19. ശ്രീ. പി. ജി. ഷാജി, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.), (പെൻ 205301, വിരമിച്ച - തീയതി - 31.07.2018)

20. ശ്രീ. ഷാജി ജോർജ്ജ്, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.) (പെൻ - 205408, വിരമിച്ച തീയതി - 31.07.2019).

21. ശ്രീ. കെ. കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (റിട്ട.), (പെൻ 206470, വിരമിച്ച തീയതി - 31.05.2019).

22. ശ്രീ. കൃഷ്ണൻ നായർ, പി, എക്സൈസ് ഇൻസ്പെക്ടർ, ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസ്, എറണാകുളം (പെൻ - 205845, വിരക്കുന്ന തീയതി 31.05.2024).

23. ശ്രീ. രാജ്കുമാർ. കെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്), എക്സൈസ് സർക്കിൾ ഓഫീസ്, കൊച്ചി (പെൻ - 205589, വിരമിക്കൽ തീയതി - 31.05.2035).

6) വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിലെ വിജിലൻസ് വകുപ്പ് പരിശോധിച്ച്, ഒന്നു മുതൽ 14 വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ട്രൈബ്യൂണൽ അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ക്രമനമ്പർ 15 മുതൽ 21 വരെയുള്ള സർവ്വീസിൽ നിന്നും വിരമിച്ച എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ KSR Part III 59 D പ്രകാരം ഭരണ വകുപ്പ് മുഖേന നടപടി സ്വീകരിക്കുന്നതിനും ക്രമനമ്പർ 22, 23 ആയി പ്രതിപാദിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും വിജിലൻസ് വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്.

7) വിജിലൻസ് വകുപ്പ് നൽകിയ മേൽ പട്ടികയിൽ ക്രമനമ്പർ 22,23 എന്നിവയായി ഉൾപ്പെട്ട ശ്രീ. കൃഷ്ണൻ നായർ, പി, എക്സൈസ് ഇൻസ്പെക്ടർ,ശ്രീ. രാജ്കുമാർ. കെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) എന്നിവർ, വിജിലൻസ് വകുപ്പ് നൽകിയ മേൽ പട്ടികയിൽ ഉൾപ്പെടാത്ത എക്സൈസ് കമ്മീഷണർ അച്ചടക്ക നടപടി എടുക്കാൻ ശുപാർശ ചെയ്ത സ/ശ്രീ ജയകുമാർ ടി ജെ, വിനോദ്കുമാർ ആർ ,സുജീബ് റോയ് എം.ആർ, (പ്രിവന്റീവ് ഓഫീസർമാർ), രതീഷ് പി.ബി (സിവിൽ എക്സൈസ് ഓഫീസർ) എന്നിവർക്കതിരെ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ 1960- ലെ KCS (CC&A) റൂളിലെ റൂൾ 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാൻമാർക്ക് നൽകിയ കുറ്റാരോപണമെമ്മോ, കുറ്റാരോപണ പത്രിക, ആയതിന് ടിയാൻമാർ സമർപ്പിച്ച എതിർവാദ പത്രിക, ടിയാൻമാർക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ്, ആയതിന് ടിയാൻമാർ സമർപ്പിച്ച മറുപടി എന്നിവയിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചിരുന്നു.

<u>ശ്രീ.പി.കൃഷ്ണൻനായർ,എക്സൈസ് ഇൻസ്പെക്ടർ</u>

എക്സൈസ് ഇൻസ്പെക്ടർ ശ്രീ. പി.കൃഷ്ണൻനായർ സമർപ്പിച്ച മറുപടിയിൽ ടിയാൻ നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിൽ ജോലി നോക്കിവന്നിരുന്ന ടിയാൻ പാലക്കാട് ജില്ലയിൽ വ്യാജകള്ള് നിർമ്മിച്ച് വില്പന നടത്തിയ സുബേഷ്, സോമശേഖരൻ നായർ (PW1, PW2) എന്നിവരിൽ നിന്നും സാമ്പത്തിക ആനുകൂല്യം കൈപ്പറ്റി അവിശുദ്ധ ബന്ധം പുലർത്തിയെന്നുള്ളതാണെന്നും, എന്നാൽ ആരോപണത്തിൽ പരാമർശിക്കുന്ന കാലയളവിൽ 18.02.2014 മുതൽ 20.05.2015 വരെ ആലുവ എക്സൈസ് റേഞ്ച് ഓഫീസിലും 21.08.2015 മുതൽ 25.05.2016 വരെ വരാപ്പുഴ റേഞ്ചിലും 26.05.2016 മുതൽ 25.09.2016 വരെ വാമനാപുരം റേഞ്ചിലും 26.09.2016 മുതൽ

30.03.2018 വരെ ആലുവ സർക്കിൾ ഓഫീസിലും 31.03.2018 മുതൽ 16.12.2018 വരെ ദേവികുളം റേഞ്ചിലും തുടർന്ന് 17.12.2018 മുതൽ 16.07.2021 വരെ മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിൽ ജീവനക്കാര്യം കൈകാര്യം ചെയ്തിരുന്ന സീറ്റിലുമാണ് ജോലിനോക്കിയിരുന്നതെന്നും ബോധിപ്പിച്ചിരിക്കുന്നു. PW1 ശ്രീ.സോമൻനായർ ടിയാന്റെ നാട്ടുകാരനാണെന്നും പരസ്പരം അറിയുന്നവരാണെന്നും ബോധിപ്പിച്ചിരിക്കുന്നു. മേൽ വിവരിച്ച കാര്യങ്ങൾ പരിശോധിക്കുമ്പോൾ ടിയാൻ നിരപരാധിയാണെന്നും വിശദീകരണം അംഗീകരിച്ച് ശിക്ഷാനടപടി ഒഴിവാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

**ശ്രീ.എം.ആർ.സുജീബ് റോയി, പ്രിവന്റീവ് ഓഫീസർ**

പ്രിവന്റീവ് ഓഫീസർ ശ്രീ. എം.ആർ.സുജീബ് റോയി സമർപ്പിച്ച മറുപടിയിൽ ടിയാന്റെയും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ മാത്രം തെളിവിലേയ്ക്ക് സ്വീകരിക്കേണ്ട Expt.P1-P8 രേഖകൾ ഒന്നുപോലും ടിയാനോ സാക്ഷികളോ കാണുകയോ വിചാരണ ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലായെന്നും എക്സൈസ് വിജിലൻസ് ഓഫീസർ നിയമവിരുദ്ധമായിട്ടാണ് സുബേഷ്, സോമശേഖരൻ നായർ, അനിൽ കുമാർ (PW1, PW2, PW3)-യുടെ മൊഴി രേഖപ്പെടുത്തിയിരിക്കുന്നതെന്നും മറ്റും വിശദമായി മറുപടി സമർപ്പിച്ചിരിക്കുന്നു. ടിയാൻ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ യാഥാർത്ഥ്യവും, ടിയാൻ കുറ്റക്കാരനല്ലായെന്ന് വെളിവാകുന്നതാണെന്നും, ആരോപണ സംഗതിയുമായി ടിയാന് ബന്ധമില്ലാത്തതിനാൽ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

**ശ്രീ. രാജ്കുമാർ.കെ, പ്രിവന്റീവ് ഓഫീസർ (നിലവിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്)**

അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. കെ.രാജ്കുമാർ സമർപ്പിച്ച മറുപടിയിൽ അന്വേഷണ വിചാരണ റിപ്പോർട്ടിൽ ടിയാൻ മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ(ഗ്രേഡ്) തസ്തികയിൽ ജോലി ചെയ്തുവരവെ പാലക്കാട് ജില്ലയിൽ വ്യാജക്കള്ള് നിർമ്മിച്ച് വില്പന നടത്തിയ സുബേഷ്, സോമശേഖരൻ നായർ (PW1, PW2) എന്നിവരിൽ നിന്നും സാമ്പത്തിക ആനുകൂല്യം കൈപ്പറ്റി PW1, PW2 എന്നിവരുമായി അവിശുദ്ധബന്ധം പുലർത്തുകയും, ഈ ദുഷ്പ്രവണതയുടെ ഫലമായി കള്ളിൽ പഞ്ചസാരയും, സ്പിരിറ്റും ചേർത്ത് വില്പന നടത്തുന്നതിന് ഇടയാക്കിയിരുന്നതായും, മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണർ ഓഫീസിലെ ഉത്തരവാദിത്വപ്പെട്ട ഒരു തസ്തികയിലെ ഒരു ഉദ്യോഗസ്ഥൻ ആയിരുന്ന ടിയാൻ. ഈ ദുഷ്പ്രവണതയുടെ ഭാഗമായി ഗുരുതരമായ അച്ചടക്കലംഘനവും, കൃത്യവിലോപവും കാണിക്കുകവഴി എക്സൈസ് വകുപ്പിനും, സർക്കാരിനും പൊതുജനമമദ്ധ്യത്തിൽ അവമതിപ്പുളവാക്കുന്നതിനിടയായിട്ടുള്ളതായി സംശയലേശമന്യേ തെളിയുന്നുവെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും എന്നാൽ ആരോപണത്തിൽ പരാമർശിക്കുന്ന കാലയളവിൽ 24.07.2014 മുതൽ 10.07.2016 വരെ എക്സൈസ് സർക്കിൾ ഓഫീസ് ആലുവയിലും 11.07.2016 മുതൽ 20.10.2017 വരെ എക്സൈസ് റേഞ്ച് ഓഫീസ് കാലടിയിലും 28.10.2017 മുതൽ 23.01.2018 വരെ എക്സൈസ് റേഞ്ച് ഓഫീസ് വരാപ്പുഴയിലും 01.02.2018 മുതൽ 22.02.2021 വരെ ജോയിന്റ് എക്സൈസ് കമ്മീഷണർ, മദ്ധ്യമേഖല

കൊച്ചിയിലും 01.03.2021 മുതൽ 15.07.2021 വരെ എക്സൈസ് സർക്കിൾ ഓഫീസ് കൊച്ചിയിലും ജോലി നോക്കിയിരുന്നതായും ടി കാലയളവിൽ ജോയിന്റ് എക്സൈസ് കമ്മീഷണർ, മദ്ധ്യമേഖല കൊച്ചി ഓഫീസിൽ Inverd, Despach, Old Arrears(CZ-6)Seat-ൽ ആണ് ജോലി ചെയ്തിരുന്നതെന്നും, ടിയാൻ സസ്പെൻഷനിൽ ആകുന്നതുവരെ എറണാകുളം ജില്ലയിലല്ലാതെ മറ്റൊരു ജില്ലയിലും ജോലി ചെയ്തിട്ടില്ലാത്തതാണെന്നും PW2 സോമൻ നായർ ടിയാന്റെ നാട്ടുകാരനും പരസ്പരം അറിയാവുന്നവരാണെന്നും ബോധിപ്പിച്ചിരിക്കുന്നു. ആരോപണം സംഗതിയുമായി ഒരു ബന്ധവുമില്ലാത്ത ടിയാനെ മനപൂർവ്വം കുറ്റക്കാരനാക്കിയതാണെന്നും, സമർപ്പിച്ച വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ കുറ്റവിമുക്തനാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**<u>ശ്രീ.റ്റി.ജെ.ജയകുമാർ, പ്രിവന്റീവ് ഓഫീസർ</u>**

പ്രിവന്റീവ് ഓഫീസർ ശ്രീ. റ്റി.ജെ.ജയകുമാർ സമർപ്പിച്ച മറുപടിയിൽ ടിയാന്റെയും സാക്ഷിയുടെയും മാത്രം സാന്നിദ്ധ്യത്തിൽ തെളിവിലേയ്ക്ക് സ്വീകരിക്കേണ്ട Expt. P1-P8 വരെയുള്ള രേഖകൾ ഒന്നുപോലും വിചാരണ സമയം ടിയാനോ സാക്ഷികളോ കണ്ടിട്ടില്ലായെന്നും, ആരോപണ സംഗതികളുമായി ടിയാൻ യാതൊരു ബന്ധവുമില്ലായെന്നും എക്സൈസ് വിജിലൻസ് ഓഫീസർ നിയമവിരുദ്ധമായിട്ടാണ് സുബേഷ്, സോമശേഖരൻ നായർ, അനിൽകുമാർ (PW1, PW2, PW3)-യുടെ മൊഴി രേഖപ്പെടുത്തിയിരിക്കുന്നതെന്നും ടിയാൻ വിശദീകരിച്ചിരിക്കുന്ന വസ്തുതകൾ യാഥാർത്ഥ്യമാണെന്നും മനപൂർവ്വം കുറ്റക്കാരനാക്കിയതാണെന്നും വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

**<u>ശ്രീ. വിനോദ്കുമാർ.ആർ, പ്രിവന്റീവ് ഓഫീസർ</u>**

പ്രിവന്റീവ് ഓഫീസർ, ശ്രീ. വിനോദ്കുമാർ.ആർ സമർപ്പിച്ച മറുപടിയിൽ ടിയാന്റെയും, സാക്ഷിയുടെയും മാത്രം സാന്നിദ്ധ്യത്തിൽ തെളിവിലേയ്ക്ക് സ്വീകരിക്കേണ്ട Expt. P1-P8 വരെയുള്ള രേഖകൾ ഒന്നുപോലും വിചാരണ സമയം ടിയാനോ സാക്ഷികളോ കണ്ടിട്ടില്ലായെന്നും, ആരോപണ സംഗതികളുമായി ടിയാൻ യാതൊരു ബന്ധവുമില്ലായെന്നും എക്സൈസ് വിജിലൻസ് ഓഫീസർ നിയമവിരുദ്ധമായിട്ടാണ് സുബേഷ്, സോമശേഖരൻ നായർ, അനിൽകുമാർ (PW1, PW2, PW3)-യുടെ മൊഴി രേഖപ്പെടുത്തിയിരിക്കുന്നതെന്നും ടിയാൻ വിശദീകരിച്ചിരിക്കുന്ന വസ്തുതകൾ യാഥാർത്ഥ്യമാണെന്നും മനപൂർവ്വം കുറ്റക്കാരനാക്കിയതാണെന്നും വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

**<u>ശ്രീ.രതീഷ്.പി.വി, സിവിൽ എക്സൈസ് ഓഫീസർ</u>**

സിവിൽ എക്സൈസ് ഓഫീസർ ശ്രീ. രതീഷ്.പി.വി സമർപ്പിച്ച മറുപടിയിൽ ടിയാന്റെയും, സാക്ഷിയുടെയും മാത്രം സാന്നിദ്ധ്യത്തിൽ തെളിവിലേയ്ക്ക് സ്വീകരിക്കേണ്ട Expt. P1-P8 വരെയുള്ള രേഖകൾ ഒന്നുപോലും വിചാരണ സമയം ടിയാനോ സാക്ഷികളോ കണ്ടിട്ടില്ലായെന്നും, ആരോപണ സംഗതികളുമായി ടിയാന് യാതൊരു ബന്ധവുമില്ലായെന്നും

എക്സൈസ് വിജിലൻസ് ഓഫീസർ നിയമവിരുദ്ധമായിട്ടാണ് സുബേഷ്, സോമശേഖരൻ നായർ, അനിൽകുമാർ (PW1, PW2, PW3)-യുടെ മൊഴി രേഖപ്പെടുത്തിയിരിക്കുന്നതെന്നും ടിയാൻ വിശദീകരിച്ചിരിക്കുന്ന വസ്തുതകൾ യാഥാർത്ഥ്യമാണെന്നും മനപൂർവ്വം കുറ്റക്കാരനാക്കിയതാണെന്നും വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

8) എക്സൈസ് ഇൻസ്പെക്ടർ ശ്രീ. കൃഷ്ണൻ നായർ.പി, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. രാജ്കുമാർ.കെ, പ്രിവന്റീവ് ഓഫീസർമാരായ സ/ശ്രീ ജയകുമാർ ടി ജെ, വിനോദ്കുമാർ ആർ, സുജീബ് റോയ് എം.ആർ, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. രതീഷ്.പി.വി എന്നിവർക്കെതിരായ അന്വേഷണ റിപ്പോർട്ടിൽ 2020-21, 2021-22 കാലഘട്ടത്തിൽ പാലക്കാട് ജില്ലയിൽ വ്യാജക്കള്ള് നിർമ്മിച്ച് വില്പന നടത്തിയ PW1, PW2 എന്നിവരിൽ നിന്നും സാമ്പത്തിക ആനുകൂല്യം കൈപ്പറ്റുകയുണ്ടായതായും, PW1,PW2 യുമായി കുറ്റാരോപിതരിൽ ചിലർ തങ്ങളുടെ മൊബൈൽ ഫോണിൽ നിന്നും നിരവധി തവണ ബന്ധപ്പെട്ട് അവിശുദ്ധബന്ധം പുലർത്തുകയും ഈ ദുഷ്പ്രവണതയുടെ ഫലമായി കള്ളിൽ പഞ്ചസാരയും, സ്പിരിറ്റും ചേർത്ത് വില്പന നടത്തുന്നതിന് ഇടയാക്കിയിരുന്നതായും, എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്ന നിലയിൽ വ്യാജക്കള്ള് നിർമ്മിച്ച് വിതരണം ചെയ്യുന്ന ദുഷ്പ്രവണതയെ തടയാൻ ചുമതലയുള്ള മേൽപറഞ്ഞ കുറ്റാരോപിതർ അപ്രകാരം ചെയ്യാതെ അതിന്റെ ഭാഗമായി നിന്ന് ഗുരുതരമായ, അച്ചടക്കലംഘനവും, കൃത്യവിലോപവും നടത്തിയതായും അതുവഴി എക്സൈസ് ഡിപ്പാർട്ടുമെന്റിനും സർക്കാരിനും പൊതുജന മധ്യത്തിൽ അവമതിപ്പുളവാക്കുന്നതിന് ഇടയാക്കിയിട്ടുള്ളതായും സംശയലേശമന്യേ തെളിയുന്നുവെന്ന് ഇക്കാര്യത്തിൽ അന്വേഷണം നടത്തി അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9) വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ വിഷയം വിശദമായി പരിശോധിച്ചു. "29/03/2017-ലെ G.O.(P) No.8/2019/Vig പ്രകാരം ഭേദഗതി ചെയ്ത G.O.(P) No.65/92/Vig dt.12/05/1992-ലെ ഖണ്ഡിക 13(1) പ്രകാരം V&ACB -യുടെ പരിഗണനയിലുള്ള വിഷയത്തിൽ ഭരണവകുപ്പിനു അച്ചടക്ക നടപടി ആരംഭിക്കുന്നതിനു തടസ്സമില്ലെന്നും എന്നാൽ അച്ചടക്കനടപടിയിൽ അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് വിജിലൻസ് വകുപ്പുമായി കൂടിയാലോചിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കുന്നു. കൂടാതെ G.O.(P) No.65/92/Vig dt.12/05/1992-ലെ ഖണ്ഡിക 13(2) ഇപ്രകാരമാണ്.-

"Government in the Vigilance Department will have the power to review the punishment awarded by the Heads of Departments and subordinate officers in all cases of departmental enquiries, initiated on the basis of a report from the Director of Vigilance investigation". G.O.(P) No.46/97/Vig dt.31/07/1997 പ്രകാരം വിജിലൻസ് എൻക്വയറി റിപ്പോർട്ടുകളിൻ മേൽ ഭരണവകുപ്പുകൾ വിജിലൻസ് വകുപ്പുമായി ആലോചിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1960 -ലെ Kerala Civil Services (Vigilance Tribunal) Rules-ലെ ചട്ടം 4(1) പ്രകാരം സർക്കാരിന് ഉചിതമെന്ന് കാണുന്ന കേസുകൾ വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറിയ്ക്ക് റഫർ ചെയ്യാവുന്നതാണ്. എന്നാൽ ഗസറ്റഡ് ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക

കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണം സംബന്ധിച്ച കേസുകൾ നിർബന്ധമായും വിജിലൻസ് ട്രൈബ്യൂണൽ എൻക്വയറി നടത്തേണ്ടതാണ് എന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 4 (1) ന്റെ താഴെയുള്ള ക്ലിപ്തനിബന്ധനയിൽ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8(1) പ്രകാരം കേരള സിവിൽ സർവ്വീസസ് കൺട്രോൾ ക്ലാസിഫിക്കേഷൻ ആന്റ് അപ്പീൽ റൂൾസിലെ ചട്ടം 15, 16 എന്നിവയിൽ എന്തു തന്നെ അടങ്ങിയിരുന്നാലും വിജിലൻസ് ട്രിബ്യൂണൽ എൻക്വയറി നടത്തുന്നതിന്, വിജിലൻസ് ട്രിബ്യൂണൽ റൂൾസിലെ ചട്ടം 8 (2) മുതൽ 8 (14) വരെയുള്ള നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 5(c) യുടെ ക്ലിപ്ത നിബന്ധന ഇപ്രകാരമാണ്.-

"Provided that if the disciplinary authority or the appointing authority or any officer or authority empowered by Government has already framed charges against the officer concerned and his written statement obtained it shall not be necessary for Government to frame the same charges against the officer and obtain his statement before the records of the case are forwarded to the Tribunal for enquiry".

വിജിലൻസ് ട്രൈബ്യൂണൽ ചട്ടങ്ങളിലെ ചട്ടം 8(4) പ്രകാരം എൻക്വയറിയുടെ ഭാഗമായി ആവശ്യമുള്ള പക്ഷം ചാർജ്ജിൽ മാറ്റം വരുത്തുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ കൂട്ടിചേർക്കലുകൾ വരുത്തുന്നതിനോ ട്രൈബ്യൂണലിന് അധികാരമുള്ളതാണ്. അത്തരം സന്ദർഭത്തിൽ പ്രതികൾക്ക് എതിർവാദ പത്രിക ഫയൽ ചെയ്യുന്നതിനും അവസരം നൽകുന്നതാണ്. ചട്ടം 8(10) പ്രകാരം തെളിവെടുപ്പ് പൂർത്തിയായശേഷം കുറ്റക്കാരനെന്നു കണ്ടെത്തുന്ന ഉദ്യോഗസ്ഥനുമേൽ ചുമത്തേണ്ട ശിക്ഷ ശുപാർശ ചെയ്യുന്നതിനും സസ്പെഷൻ കാലയളവ് എപ്രകാരം കണക്കാക്കണമെന്നതും ട്രിബ്യൂണലിന് വ്യക്തമാക്കാവുന്നതാണ്.

10) മേൽ സാഹചര്യത്തിൽ വിജിലൻസ് വകുപ്പ് നൽകിയ പട്ടികയിൽ പറഞ്ഞിരിക്കുന്ന 1 മുതൽ 14 വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ കൂടി കണക്കിലെടുത്ത് ട്രൈബ്യൂണൽ അന്വേഷണം നടത്തണമെന്ന് ശിപാർശ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി പട്ടികയിലെ 14 പേരിൽ ഉൾപ്പെട്ട ശ്രീ.ഷാജി.എസ്.രാജൻ (ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ), സ/ശ്രീ.കെ.എസ്.പ്രശോഭ്, ജി.സന്തോഷ് കുമാർ, അനൂപ്.വി, ഷൗക്കത്തലി.എ, സി. പി. മധു (എക്സൈസ് ഇൻസ്പെക്ടർ) എന്നിവർക്കതിരെ എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പിൽ 1960- ലെ KCS (CC&A) റൂളിലെ റൂൾ 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടികളിൻമേലുള്ള തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു. ശ്രീ. കൃഷ്ണൻ നായർ. പി, എക്സൈസ് ഇൻസ്പെക്ടർ, ശ്രീ. രാജ്കുമാർ. കെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്, സ/ശ്രീ ജയകുമാർ ടി ജെ, വിനോദ്കുമാർ. ആർ ,സുജീബ് റോയ് എം.ആർ, (പ്രിവന്റീവ് ഓഫീസർമാർ), രതീഷ് പി.ബി (സിവിൽ എക്സൈസ് ഓഫീസർ) എന്നിവർക്കതിരെയുള്ള ആരോപണങ്ങൾ സംശയലേശമന്യേ തെളിയുന്നുണ്ടെങ്കിലും, ടി കാര്യത്തിൽ ഒരു ഉദാരമായ സമീപനം സ്വീകരിച്ചുകൊണ്ട് ശ്രീ. കൃഷ്ണൻ നായർ, പി, എക്സൈസ് ഇൻസ്പെക്ടർ,ശ്രീ. രാജ്കുമാർ. കെ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ,സ/ശ്രീ ജയകുമാർ ടി ജെ, വിനോദ്കുമാർ

ആർ ,സൂജീബ് റോയ് എം.ആർ, (പ്രിവന്റീവ് ഓഫീസർമാർ), രതീഷ് പി.ബി (സിവിൽ എക്സൈസ് ഓഫീസർ) എന്നിവർക്കെതിരെ സ്വീകരിച്ചു വന്നിരുന്ന അച്ചടക്ക നടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11(1) (vA) പ്രകാരം 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടയാനുള്ള താൽക്കാലിക തീരുമാനം പുന:പരിശോധിച്ച് 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (iii) പ്രകാരം ടിയാൻമാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ (without cumulative effect) ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

11) കൂടാതെ വിജിലൻസ് വകുപ്പ് നൽകിയ മേൽ പട്ടികയിൽ 15 മുതൽ 21 വരെ ഉൾപ്പെട്ട വിരമിച്ച ഉദ്യോഗസ്ഥർക്കതിരെ ( ശ്രീ. ടി.കെ. ശിവാനന്ദൻ, സർക്കിൾ ഇൻസ്പെക്ടർ (റിട്ട.), ശ്രീ. എൻ. രാജശേഖരൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (റിട്ടയേർഡ്), ശ്രീ. ക്ലമന്റ്. പി. എസ്, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.) , ശ്രീ. കെ. പി. രാമചന്ദ്രൻ, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.) , ശ്രീ. പി. ജി. ഷാജി, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.),ശ്രീ. ഷാജി ജോർജ്ജ്, എക്സൈസ് ഇൻസ്പെക്ടർ (റിട്ട.),ശ്രീ. കെ. കൃഷ്ണൻകുട്ടി, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (റിട്ട.)) വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ KSR's Part III ചട്ടം 59 D പ്രകാരം അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ തുടരുന്നതും ആയതു പ്രത്യേകം തീർപ്പാക്കുന്നതുമാണ്.

12) മേൽപ്രകാരം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (10) പ്രകാരമുള്ള അന്തിമ ഉത്തരവ് പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD M V
ജോയിന്റ് സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് മുഖേന)

2) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

3) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സൈസ് കമ്മീഷണർ മുഖേന)

4) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

5) വിജിലൻസ് (എ) വകുപ്പ്

6) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം,

തിരുവനന്തപുരം

7) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

8) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Reese V A
Date: 30-03-2024 10:58:24
Reason: Approved
സെക്ഷൻ ഓഫീസർ